# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.1040/2024/SAB

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
29/10/2024

## സർക്കുലർ

**വിഷയം:- ശബരിമല ഇടത്താവളങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്.**

**സൂചന: 18/10/2024 ലെ ആർ.ഒ.സി 9501/2020/ശബ നമ്പർ ബോർഡുത്തരവ്**

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1200-ലെ മണ്ഡലം-മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച് ശബരിമല ഇടത്താവളങ്ങളുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന നിർദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ,അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ്ഗ്രൂപ്പാഫീസർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

1. ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ഒരുനിശ്ചിത ഇടവേളകളിൽ ഇടത്താവളങ്ങൾ സന്ദർശിച്ച് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ വിലയിരുത്തേണ്ടതാണ്.
2. ഇടത്താവളങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന ശൗചാലയ സൗകര്യങ്ങൾ പരിശോധിക്കേണ്ടതും, ആയതിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതുമാണ്. ശൗചാലയങ്ങൾ കൃത്യമായ ഇടവേളകളിൽ വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദേശം നൽകേണ്ടതാണ്.
3. സ്ത്രീ, പുരുഷ ശൗചാലയങ്ങൾ പെട്ടെന്ന് ശ്രദ്ധയിൽപ്പെടുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. ഇടത്താവളങ്ങളിൽ അയ്യപ്പ ഭക്തൻമാർ രാത്രി കാലങ്ങളിൽ വിരി വയ്ക്കുന്ന സ്ഥലങ്ങളിലും, ശൗചാലയ പരിസര പ്രദേശത്തും വേണ്ടത്ര വെളിച്ചം ഉറപ്പ് വരുത്തേണ്ടതാണ്.
5. ഇടത്താവളങ്ങളിൽ രാത്രി കാലങ്ങളിൽ വേണ്ടത്ര സുരക്ഷാ സംവിധാനം ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആവശ്യമുള്ള പക്ഷം പോലീസ്, ഫയർ

ആന്റ് റെസ്ക്യൂ വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷാ സംവിധാനം ഉറപ്പ് വരുത്തേണ്ടതാണ്.

6. മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ സേവനം ആവശ്യമുള്ള പക്ഷം ആ ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് കത്ത് നൽകി നടപടി സ്വീകരിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ സഹായത്തിനായി ബന്ധപ്പെടേണ്ട വകുപ്പുകളുടെ ഫോൺ നമ്പരുകൾ വ്യക്തമായി ഇടത്താവളങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
7. ഇടത്താവളങ്ങളുമായി ബന്ധപ്പെട്ട് ജലാശയങ്ങൾ ഉള്ള പക്ഷം വേണ്ടത്ര അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കേണ്ടതും, വേണ്ടത്ര സുരക്ഷാ സംവിധാനം ഉറപ്പ് വരുത്തേണ്ടതുമാണ്.
8. അന്നദാനം നടത്തുന്ന സ്ഥലങ്ങളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.
9. ഇടത്താവളങ്ങൾ തിരിച്ചറിയുന്ന തരത്തിലുള്ള ദിശാ സൂചനാ ബോർഡുകൾ പ്രധാന റോഡുകളിൽ സ്ഥാപിക്കേണ്ടതാണ്.
10. അന്നദാനം, ചുക്ക് വെള്ള വിതരണം, ക്ലീനിംഗ്, സെക്യൂരിറ്റി എന്നിവയ്ക്ക് ആവശ്യമായ ദിവസവേതന ജീവനക്കാരുടെ എണ്ണം റിപ്പോർട്ട് ചെയ്ത് അനുമതി ലഭ്യമാക്കേണ്ടതാണ്.
11. ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്ന ജീവനക്കാർ കൃത്യമായി ജോലി ചെയ്യുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും, ഹാജർ ബുക്ക് പരിപാലിച്ച് ഹാജർ രേഖപ്പെടുത്തുന്നുണ്ടോ എന്ന വിവരം പരിശോധിക്കേണ്ടതും ഇല്ലാത്ത പക്ഷം ആയത് അടിയന്തിരത്തിൽ ഏർപ്പെടുത്തേണ്ടതുമാണ്.
12. 24 മണിക്കൂറും കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമുള്ള പക്ഷം ഇക്കാര്യത്തിൽ ഭക്തജനങ്ങൾ, സ്പോൺസർമാർ, ഉപദേശകസമിതി എന്നിവരുമായി ആശയ വിനിമയം നടത്തി സഹായ സഹകരണങ്ങൾ ലഭ്യമാക്കി ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
13. വാഹനപാർക്കിംഗിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
14. അടിയന്തിര സാഹചര്യം ഉണ്ടാകുകയും ഭക്തരെ ഇടതാവളങ്ങളിലും മററും തടയുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്ന പക്ഷം ഭക്തർക്ക് ആവശ്യമായ ലഘു ഭക്ഷണം,കുടിവെള്ളം, എന്നിവ സർക്കാർ ഇതര വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്

നൽകുന്നതിനുള്ള മുൻ കരുതലുകൾ ബന്ധപ്പെട്ട അസ്സിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ,ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ഏർപ്പെടുത്തേണ്ടതാണ്

15. പവിത്രം ശബരിമല പദ്ധതിപ്രകാരമുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അസ്സിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്-**

1. **എല്ലാ ഡിപ്പാർട്ടുമെന്റ് മേധാവികൾക്കും**
2. **എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും**
3. **എല്ലാ ഗ്രൂപ്പ് അസ്സിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും**
4. **സെക്ഷൻ ഫയൽ**
5. **ഫെയർ ആഫീസ് കോപ്പി**

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**